LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആൾ ഇൻഡ്യ ടൂറിസ്റ്റ് ടാക്സി പെർമിറ്റ് സംബന്ധിച്ച സേവനങ്ങൾ നൽകുവാനുള്ള അധികാരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത സേവനങ്ങൾ വികേന്ദ്രീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച അധികാരങ്ങൾ ആർ.ടി. എ. കൾക്ക് നൽകുന്നതിനാവശ്യമായ ഭേദഗതികൾ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ അപ്രകാരം അധികാരം കൈമാറുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വ്യവസ്ഥയില്ലെന്ന കാരണം കാണിച്ച് അധികാരം ഡെലിഗേറ്റ് ചെയ്തുകൊണ്ടുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം റദ്ദാക്കുകയും ചെയ്തു. അധികാരം കൈമാറുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. 27-2-2007-ലെ RP.No. 1018/06, 69/07 എന്നീ റിവിഷൻ പെറ്റീഷനുകളിൽ ഉണ്ടായ ഉത്തരവിൽ അധികാരം ഡെലിഗേറ്റ് ചെയ്യുന്ന കാര്യം എസ്. റ്റി. എ.-ക്ക് പരിഗണിക്കാമെന്നുള്ളതിന്റെയടിസ്ഥാനത്തിൽ ആർ.ടി. ഒ. മാർക്ക് അധികാരം നൽകിക്കൊണ്ട് വീണ്ടും എസ്.റ്റി.എ. തീരുമാനിക്കുകയും 15-3-2010-ലെ 2/2010-ാം നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി WP(C) 11039/2010-ലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത സർക്കുലർ നടപ്പിലാക്കുന്നത് തടഞ്ഞിരിക്കുകയാണ്.

മോട്ടോർ വാഹന ട്രൈബ്യൂണലിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ

179 (5399) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന ട്രൈബ്യൂണലിൽ, നഷ്ടപരിഹാരം തേടികൊണ്ടുള്ള ഹർജികൾ വേഗത്തിൽ തീർപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനായി, ഒരു അഡീഷണൽ ബഞ്ച് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.